# ദൈവത്തന്റെ നല്ല സാക്ഷികളാവുക

## കൊലൊസ്സ്യർ 1:9

"അതുകൊണ്ടു ഞങ്ങൾ അതുകേട്ട നാൾ മുതൽ നിങ്ങൾക്കു വേണ്ടി ഇടവിടാതെ പ്രാർത്ഥിക്കുന്നു."

താൻ സന്ദർശിച്ച ഓരോ സ്ഥലങ്ങളിലെയും സഭകളിലെ ആളുകളുടെ ആത്മീയമായ ചില പ്രത്യേക ആവശ്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക എന്നത് പൗലോസിന്റെ ലേഖനങ്ങളിലുടനീളം നമുക്ക് കാണുവാൻ കഴിയുന്ന ഒരു പ്രത്യേകതയാണ്. ഇത്, തന്റെ കൂട്ടുസഹോദരങ്ങളോടുള്ള അളവില്ലാത്ത സ്നേഹത്തെയും അവർ ആത്മീയമായി ദിനംപ്രതി കർത്താവിൽ വളരേണമെന്നുമുള്ള പൗലോസിന്റെ അതിയായ ആഗ്രഹത്തെയാണ് കാണിക്കുന്നത്. കൊലൊസ്സ്യ സഭയെയും അവിടുത്തെ ആളുകളെയും കുറിച്ച് പൗലോസിന്ന് തന്റെ സഹപ്രവർത്തകനായ എപ്പഫ്രാസ് തക്കസമയത്ത് വിവരങ്ങൾ നൽകുന്നുണ്ടായിരുന്നു എന്നത് ഈ അദ്ധ്യായത്തിലെ ആദ്യഭാഗങ്ങളിൽ നിന്നും നമുക്ക് വ്യക്തമാണ്. അതിൻപ്രകാരം കർത്താവിന്റെ അനുരൂപകരായി പൂർണ്ണപ്രസാദത്തിനായി കർത്താവിന്നു യോഗ്യമാകും വണ്ണം നടന്നു, ആത്മികമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ടു നിറഞ്ഞു വരേണം എന്നും സകല സൽപ്രവൃത്തിയിലും ഫലം കായിച്ചു ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണമെന്നും പറഞ്ഞു തുടങ്ങി ഒരു വലിയ അപേക്ഷയാണ് പൗലോസ് ഇവിടെ പ്രാർത്ഥിക്കുന്നത്. ഇത് ഒരോ സഭാംഗങ്ങളുടെയും ആത്മീക ഉന്നമനത്തിന്നു കാരണമായിത്തീരുക വഴി അവർ ക്രിസ്തുവിൽ നല്ല സാക്ഷ്യങ്ങളുള്ളവർ ആകണമെന്നതാണ് പൗലോസിന്റെ ആഗ്രഹം.

ജീവിതത്തിൽ ദൈവത്തെക്കുറിച്ചുള്ള അറിവുകൾ വർദ്ധിപ്പിച്ചതുകൊണ്ടോ അല്ലെങ്കിൽ അതു നമ്മുടെ ബുദ്ധിവികാസത്തിന്നു കാരണമായതുകൊണ്ടോ ഒരിക്കലും നാം യഥാർത്ഥത്തിൽ ദൈവവുമായി അടുത്ത ബന്ധം പുലർത്തുന്നവരാകുന്നില്ല. എന്നാൽ ആത്മികമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ടു നിറഞ്ഞു വരുമ്പോൾ നം ദൈവവുമായി നിത്യം ഉറ്റബന്ധത്തിലായിത്തീരുന്നു. അതുവഴി ജീവിതത്തിൽ ദൈവത്തെ അനുഭവിക്കുവാൻ ഇടയാകുകയും ജീവിക്കുന്ന ദൈവത്തിന്റെ ജീവനുള്ള സാക്ഷ്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാവുകയും ചെയ്യുന്നു.

പ്രിയരേ, ഇന്നു നമ്മിൽ നിന്നും ദൈവം ആഗ്രഹിക്കുന്നത് ഇതു തന്നെയാണ്. അവനെ അറിയാമെന്നു പറഞ്ഞു നടന്നതുകൊണ്ടോ, ചില ദൈവവചന ഭാഗങ്ങൾ നമ്മുടെ

ഹൃദയത്തിൽ സംഗ്രഹിച്ചതുകൊണ്ടോ നാം ഒരിക്കലും ദൈവത്തിന്ന് ജീവിക്കുന്ന സാക്ഷികൾ ആയിത്തീരുന്നില്ല. മറിച്ച് നാം ഗ്രഹിച്ച വചനത്തെ നമ്മുടെ നിത്യ ജീവിതത്തിൽ പ്രാവൃത്തികമാക്കുക, നമ്മുടെ ഇഷ്ടങ്ങൾക്കു പകരം അവന്റെ ഹിതം തിരഞ്ഞ് അതിന്നു മുൻഗണനന കൊടുക്കുക, എന്നും എവിടെയും മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ടരെന്നെണ്ണുവാൻ ശ്രമിക്കുക, ദൈവത്തിന്റെ സ്നേഹം അത് എത്ര വിദൂരതയിലുള്ളവരുമായും പങ്കിടുവാൻ ശ്രമിക്കുക. ഇതാകുന്നു ദൈവത്തിന്നു പ്രസാദമുണ്ടാകുന്നതും അവൻ നമ്മിൽ നിന്നാഗ്രഹിക്കുന്നതുമായ പ്രവൃത്തി.

അപ്രകാരം ദൈവപ്രസാദമുള്ള പ്രവൃത്തികൾ നമ്മിൽ നിന്നുണ്ടാവണമെങ്കിൽ നമ്മുടെ ഹൃദയം പൂർണ്ണമായും നാം അവന്നു സമർപ്പിച്ചെങ്കിലേ മതിയാവൂ. കാരണം അതിന്നും നാം അവനോടു കടപ്പെട്ടിരിക്കുന്നു. തന്റെ ഏകജാതനായ പുത്രനെ നമ്മുടെ ഓരോരുത്തരുടെയും പാപങ്ങൾക്കു വേണ്ടി ക്രൂശിൽ മരിപ്പാൻ ഏൽപ്പിക്കുക വഴി നമ്മുടെ ജീവന്റെ അവകാശം ദൈവത്തിന്നു മാത്രമുള്ളതായിത്തീർന്നു, കാരണം പാപത്തിന്റെ മരണത്തിൽ നിന്നു നമ്മെ വീണ്ടെടുത്തത് അവന്റെ ജീവനാണ്. ആ ജീവൻ നമ്മിൽ വസിക്കുന്നിടത്തോളം മറ്റൊന്നിന്നും നാം നമ്മുടെ ഹൃദയം അടിമപ്പെടുത്തുവാൻ ഇടയാകരുത്. അതിനായി ദൈവത്തോട് പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

1 ശമുവേൽ 2:6–10

യഹോവ കൊല്ലുകയും ജീവിപ്പിക്കയും ചെയ്യുന്നു. പാതാളത്തിൽ ഇറക്കുകയും ഉദ്ധരിക്കയും ചെയ്യുന്നു; യഹോവ ദാരിദ്ര്യവും ഐശ്വര്യവും നൽകുന്നു; അവൻ താഴ്ത്തുകയും ഉയർത്തുകയും ചെയ്യുന്നു. അവൻ ദരിദ്രനെ പൊടിയിൽനിന്നു നിവിർത്തുന്നു; അഗതിയെ കുപ്പയിൽ നിന്നു ഉയർത്തുന്നു; പ്രഭുക്കന്മാരോടുകൂടെ ഇരുത്തുവാനും മഹിമാസനം അവകാശമായി നൽകുവാനും തന്നേ. ഭൂധരങ്ങൾ യഹോവെക്കുള്ളവ; ഭൂമണ്ഡലത്തെ അവയുടെമേൽ വെച്ചിരിക്കുന്നു. തന്റെ വിശുദ്ധന്മാരുടെ കാലുകളെ അവൻ കാക്കുന്നു; ദുഷ്ടന്മാർ അന്ധകാരത്തിൽ മിണ്ടാതെയാകുന്നു; സ്വശക്തിയാൽ ഒരുത്തനും ജയിക്കയില്ല. യഹോവയോടു എതിർക്കുന്നവൻ തകർന്നുപോകുന്നു; അവൻ ആകാശത്തുനിന്നു അവരുടെമേൽ ഇടിവെട്ടിക്കുന്നു. യഹോവ ഭൂസീമാവാസികളെ വിധിക്കുന്നു; തന്റെ രാജാവിന്നു ശക്തി കൊടുക്കുന്നു; തന്റെ അഭിഷിക്തന്റെ കൊമ്പു ഉയർത്തുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 129